പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1952 | 06.02.2019 ൽ മറുപടിക്ക്

## ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് നിർമ്മിക്കുന്നതിന് സാധ്യതാ പഠനത്തിന് ചുമതലപ്പെടുത്തിയിരുന്ന കമ്പനി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എന്തൊക്കെ ശുപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിരുന്നു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അംഗീകരിക്കുന്ന മുറയ്ക്ക് കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) വിമാനത്താവള നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തൊക്കെ കടമ്പകളാണ് പൂർത്തീകരിക്കാനുള്ളത്; സ്ഥലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ